LBRD-C4/236/2024-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം- ജീവനക്കാര്യം- കൊല്ലം വനിതാ ഐ.ടി.ഐയിലെ ജൂനിയർ ഇൻസ്ട്രക്ടറായ ശ്രീ.ബാലചന്ദ്രൻ പിള്ള.ജെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന കാലയളവ് നോൺ - ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.664/2025/LBR തീയതി,തിരുവനന്തപുരം, 31-05-2025

പരാമർശം:-
1. കൊല്ലം വനിതാ ഐ.ടി.ഐയിലെ ജൂനിയർ ഇൻസ്ട്രക്ടറായ ശ്രീ.ബാലചന്ദ്രൻ പിള്ള.ജെ 10/10/2024-ൽ സമർപ്പിച്ച അവധി അപേക്ഷ.
2. ട്രെയിനിംഗ് ഡയറക്ടറുടെ 16/12/2024, 21/03/2025 എന്നീ തീയതികളിലെ ഡി.ടി/4070/2021- എ7 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള കൊല്ലം വനിതാ ഐ.ടി.ഐയിലെ ജൂനിയർ ഇൻസ്ട്രക്ടറായ ശ്രീ.ബാലചന്ദ്രൻ പിള്ള.ജെയുടെ 20-10-2021 മുതൽ 25-10-2022 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് നൽകുന്നതിനായി പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ശ്രീ.ബാലചന്ദ്രൻ പിള്ള.ജെയുടെ പാസ്പോർട്ട് പരിശോധിച്ചതിൽ നിന്നും 20-10-2021 മുതൽ 25-10-2022 വരെയുള്ള കാലയളവിൽ Leave Sanctioning Authority യുടെ അനുവാദമില്ലാതെ ടിയാൻ വിദേശത്ത് പോയിട്ടുണ്ട് എന്നും അനധികൃത ഹാജരില്ലായ്മയ്ക്ക് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടയുകയും ചെയ്ത് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട് എന്നും ട്രെയിനിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം വനിതാ ഐ.ടി.ഐയിലെ ജൂനിയർ ഇൻസ്ട്രക്ടറായ ശ്രീ.ബാലചന്ദ്രൻ പിള്ള.ജെ Leave Sanctioning Authority യുടെ അനുവാദമില്ലാതെ വിദേശത്ത് പോയതിനാലും ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടികൾ തീർപ്പാക്കിയതിനാലും ടിയാൻ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിന്ന 20-10-2021 മുതൽ 25-10-2022 വരെയുള്ള കാലയളവ് നോൺ - ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ബാലചന്ദ്രൻ പിള്ള.ജെ., ജൂനിയർ ഇൻസ്ട്രക്ടർ , ഐ.ടി.ഐ (വനിത) , കൊല്ലം (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (13/05/2025 -ലെ 3032345/എൽ.ബി.ആർ1/14/2025/ധന നമ്പർ നോട്ട് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usha Rani L
സെക്ഷൻ ഓഫീസർ
Date: 02-06-2025 17:39:16